"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 — മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് റീസർവ്വേ നം. **307/16, 12, 15, 322/5, 3,2,1,-ൽ** ഉൾപ്പെട്ട **40.8** ആർസ് നിലം പരിവർത്തനപ്പെടുത്താൻ പൊൻമുണ്ടം ഗവ. ഹയർസെക്കന്ററി സ്കൂൾ സമർപ്പിച്ച അപേക്ഷ - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ) വകുപ്പ്**

സ.ഉ.(കൈ) നം.13/2023/AGRI തീയതി,തിരുവനന്തപുരം, 10-02-2023

---

പരാമർശം:-

1. പൊൻമുണ്ടം കൃഷി ഓഫീസറുടെ 18/12/2015 തീയതിയിലെ കത്തും അതിൽ ഉള്ളടക്കം ചെയ്ത പൊൻമുണ്ടം ഹയർ സെക്കന്ററി സ്കൂൾ ഹെഡ്മാസ്റ്റർ സമർപ്പിച്ച അപേക്ഷയും.
2. 19/12/2016, 29/01/2018 എന്നീ തീയതികളിലെ സംസ്ഥാനതലസമിതി യോഗതീരുമാനം
3. മലപ്പുറം ജില്ലാ കളക്ടറുടെ 21/11/2020 തീയതിയിലെ DCMPM/2278/2017-B4നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് റീസർവ്വേ നം. 307/16, 12, 15, 322/5, 3,2,1,-ൽ ഉൾപ്പെട്ട 40.8 ആർസ് നിലം പരിവർ ത്തനപ്പെടുത്താൻ പൊൻമുണ്ടം കൃഷി ഓഫീസർ മുഖാന്തിരം പൊൻമുണ്ടം ഗവ ഹയർസെക്കന്ററി സ്കൂൾ പരാമർ ശം ( 1 ) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരളനെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് ( 8 ) പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി പരിശോധിക്കുകയും സംസ്ഥാനതല സമിതി വിദഗ്ധ അംഗങ്ങൾ സ്ഥല പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ട് 19/12/2016, 29/01/2018 എന്നീ തീയതികളിൽ കൂടിയ

സംസ്ഥാനതല സമിതി പരിശോധിക്കുകയും പ്രസ്തുത സ്ഥലം 12.50 ഏക്കർ വിസ്തൃതിയുള്ള കർഷകബന്ധു പാടശ്ശേഖരത്തിന്റെ ഭാഗമാണെന്നും അതിനോടുനുബന്ധിച്ച് ഏകദേശം 32 ഏക്കറോളം വ്യാപിച്ചു കിടക്കുന്ന തണ്ണീർത്തടം നിലകൊള്ളുന്നുവെന്നും സ്ഥലത്തിന്റെ നാലുവശവും നെൽവയലുകളായി ചുറ്റപ്പെട്ട സ്ഥലമാണെന്നും, നിലവിൽ നെൽകൃഷി ചെയ്യുന്ന സ്ഥലമാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. പരിവർത്തനാനുമതി നൽകുന്ന പക്ഷം പ്രസ്തുത പ്രദേശത്തെ കുടിവെള്ളത്തിന്റേയും ഭൂഗർഭ ജലത്തിന്റേയും ലഭ്യത കുറയുമെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. നിർദ്ദിഷ്ട പരിവർത്തനം മൂലം ഇരുപ്പൂനിലങ്ങൾ കൃഷി ഇറക്കുന്നതിന് ചുറ്റുമുള്ള നെൽവയലുകളിലേയ്ക്ക് നീരൊഴുക്ക് തടസ്സപ്പെടാൻ സാധ്യതയുള്ളതിനാൽ സമിതി നെൽവയൽ നികത്തുന്നതിന് അനുകൂലിക്കുകയുണ്ടായില്ല. സ്കൂൾ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് എത്തിച്ചേരാൻ നെൽവയലുകളിലൂടെ മാത്രമേ സാധ്യമാവൂ എന്നും നികത്തുന്നതുമൂലം നിർദ്ദിഷ്ട സ്ഥലത്തെ നെൽകൃഷിയെ സാരമായി ബാധിക്കുമെന്നും അതുമൂലം വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഭാവിയിൽ ഉണ്ടാകാൻ ഇടയുണ്ട് എന്നുമുള്ള സമിതിയുടെ വിലയിരുത്തൽ സർക്കാരിലേയ്ക്ക് റിപ്പോർട്ടു ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

2) പൊൻ മുണ്ടം ഗവ.ഹയർസെക്കന്ററി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് നിലം പരിവർത്തനാനുമതി നൽകാത്ത വിഷയം ഒരു സാമൂഹ്യ പ്രശ്നമായി അവശേഷിക്കുന്നതിനാൽ പ്രസ്തുത സ്ഥലത്തെ നീരൊഴുക്ക് തടയാതേയും തണ്ണീർത്തടം സംരക്ഷിച്ചുകൊണ്ടും സ്കൂൾ വികസിപ്പിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സർക്കാരിൽ ലഭ്യമായ അപേക്ഷ മലപ്പുറം ജില്ലാ കളക്ടറുടെ പരാമർശം (3) ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. 1 3 5 വർഷത്തോളം പഴക്കമുള്ള പൊൻമുണ്ടം ഗവൺമെന്റ് ഹൈസ്കൂളിൽ പഠിക്കുന്ന 1600-ൽ പരം കുട്ടികളിൽ ഭൂരിപക്ഷം പേരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളവരായതിനാലും സമീപ പ്രദേശങ്ങളിലൊന്നും സ്കൂൾ സൗകര്യം ലഭ്യമല്ലാത്തതിനാലും മികവുറ്റ രീതിയിൽ അദ്ധ്യയനം നടത്തുന്നതിനാവശ്യമായ സൗകര്യവും 3 7 സെന്റ് ഭൂമിയിൽ പ്രവർത്തിക്കുന്ന സ്കൂളിന് ഇല്ലാത്തതിനാലും കെട്ടിടം നിർമ്മിക്കാൻ കഴിയാതെ പോയാൽ ഭാവിയിൽ നിരവധി ദരിദ്രരായ കുട്ടികളുടെ പഠനം മുടങ്ങാനുള്ള ദയനീയമായ സാഹചര്യം സംജാതമാകും എന്ന് ബോധ്യപ്പെട്ടു. ആയതിനാൽ, മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ പൊൻമുണ്ടം ഗവ ഹയർസെക്കന്ററി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് റീസർവ്വേ നം 307/16, 12, 15, 322/5, 3, 2, 1, -ൽ ഉൾപ്പെട്ട 4 0 . 8 ആർസ് നിലം ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി

പരിവർത്തനാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

എ) പാടശേഖരത്തിലെ കാർഷിക പ്രവർത്തനങ്ങൾക്കും, കൃഷിയ്ക്കും നാശം സംഭവിക്കാതിരിക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്.

ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനു വേണ്ടി റവന്യു വകുപ്പ് പാലിക്കേണ്ടതാണ്.

സി) ഭാവിയിൽ ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നെൽകൃഷി സംരക്ഷിക്കുന്നതിനും വിദഗ്ധസമിതിയെ ചുമതലപ്പെടുത്തി ഒരു പദ്ധതി റവന്യു വകുപ്പ് രൂപകൽപ്പന ചെയ്യേണ്ടതാണ്.

ഡി) വെള്ളക്കെട്ടിനുള്ള സാധ്യത എന്ന പ്രശ്നം പരിഹരിക്കുന്നതിനായി മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമഗ്രമായ ഒരു പ്ലാൻ ജല നിർഗ്ഗമനത്തിനും സംഭരണത്തിനുമായി തയ്യാറാക്കേണ്ടതാണ്.

ഇ) മേൽ സൂചിപ്പിച്ച നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് റവന്യു വകുപ്പ് ഉറപ്പു വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.ബി.അശോക്.ഐ.എ.എസ്

PRINCIPAL SECRETARY & APC

1. ഹെഡ് മാസ്റ്റർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ,പൊൻമുണ്ടം, മലപ്പുറം ജില്ല .
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, മലപ്പുറം .
4. ഡോ. പി.ഒ. നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച്& എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ-680656. nameer.po@kau.in
5. ഡോ.അനു.ജി.കൃഷ്ണൻ, അസോസിയേറ്റ് പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ

അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം.

6. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, മലപ്പുറം .
7. കൃഷി ഓഫീസർ, കൃഷി ഭവൻ, പൊൻമുണ്ടം, മലപ്പുറം.
8. വില്ലേജ് ഓഫീസർ, പൊൻമുണ്ടം, മലപ്പുറം.
9. റവന്യൂ വകുപ്പ്.
10. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നമ്പർ. 1370 തീയതി 08/02/2023)
11. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
12. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Vineeshkumar
Date: 10-02-2023 14:01:16
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-02-2023

ഫയൽ നം. 86/എൻ.സി.എ.2/2016/കൃഷി. ഇനം നം: 1370

വിഷയം : കൃഷി വകുപ്പ് - മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് റീസർവ്വേ നം.307/16, 12, 15, 322/5, 3, 2, 1-ൽ ഉൾപ്പെട്ട 40.80 ആർസ് നിലം പരിവർത്തനപ്പെടുത്താൻ പൊൻമുണ്ടം ഗവ. ഹയർസെക്കന്ററി സ്കൂൾ സമർപ്പിച്ച അപേക്ഷയിന്മേൽ അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകളിൽ 'പൊന്മുണ്ടം ഗ്രാമപഞ്ചായത്ത്" എന്നത് "റവന്യൂ വകുപ്പ്" എന്ന ഭേദഗതിയോടുകൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

AS 1
NCA
Go as above
9/3/2023

1370

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : 86/എൻ.സി.എ 2/2016/കൃഷി |
| 2 | വകുപ്പ് | : കൃഷി (എൻ.സി.എ) വകുപ്പ് |
| 3 | വിഷയം | : മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് റീസർവ്വേ നം. 307/16, 12, 15, 322/5, 3,2,1,-ൽ ഉൾപ്പെട്ട 40.80 ആർസ് നിലം പരിവർത്തനപ്പെടുത്താൻ പൊൻമുണ്ടം ഗവ. ഹയർസെക്കന്ററി സ്കൂൾ സമർപ്പിച്ച അപേക്ഷയിന്മേൽ അനുമതി നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 27/01/2023 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീമതി വി.എൽ. ബീന. |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്. | : ശ്രീ.സാബിർ ഹുസൈൻ |
| 9 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ഡോ.ബി.അശോക് |
| 10 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 08/02/2023 |
| 11 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി. ജോയ് . |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 08/02/23 |
| 13 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.പി.പ്രസാദ് |
| 14 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 08/02/23 |
| 15 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 08/02/23 |
| 16 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 17 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് റീസർവ്വേ നം. 307/16, 12, 15, 322/5, 3,2,1,-ൽ ഉൾപ്പെട്ട 40.8 ആർസ് നിലം പരിവർത്തനപ്പെടുത്താൻ പൊൻമുണ്ടം ഗവ. ഹയർസെക്കന്ററി സ്കൂൾ സമർപ്പിച്ച അപേക്ഷയിന്മേൽ അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ പൊൻമുണ്ടം ഗവ.ഹയർസെക്കന്ററി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച അപേക്ഷ സംസ്ഥാനതലസമിതി 19/12/2016, 29/01/2018 എന്നീ തീയതികളിൽ വിശദമായി പരിശോധിക്കുകയും താഴെ പറയുംപ്രകാരം റിപ്പോർട്ടു ചെയ്യുകയുമുണ്ടായി.

'' മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ സർക്കാർ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് വർഷങ്ങളായി തരിശായി കിടക്കുന്ന 100.8 സെന്റ് സ്ഥലം പരിവർത്തനപ്പെടുത്താൻ ശുപാർശ ചെയ്തത് സംസ്ഥാനതലസമിതി പരിഗണിക്കുകയും സംസ്ഥാനതല സമിതി പ്രസ്തുത അപേക്ഷ പരിശോധിക്കുകയും സ്ഥല പരിശോധന നടത്താൻ തീരുമാനിക്കുകയുണ്ടായി. സമിതി അംഗങ്ങളായ ഡോ. പി.ഒ. നമീർ , ഡോ. ലീനാകുമാരി എന്നിവർ പരിശോധന നടത്തുകയും, പ്രസ്തുത സ്ഥലം 12.50 ഏക്കർ വിസ്തൃതിയുള്ള കർഷകബന്ധു പാടശേഖരത്തിന്റെ ഭാഗമാണെന്നും അതിനോടനുബന്ധിച്ച് ഏകദേശം 32 ഏക്കറോളം വ്യാപിച്ചു കിടക്കുന്ന തണ്ണീർത്തടം നിലകൊള്ളുന്നുവെന്നും സ്ഥലത്തിന്റെ നാലുവശവും നെൽവയലുകളായി ചുറ്റപ്പെട്ട സ്ഥലമാണെന്നും, നിലവിൽ നെൽകൃഷി ചെയ്യുന്ന സ്ഥലമാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. പരമ്പരാഗത നെൽവിത്തായ കുമ്പലൻ നെൽവിത്ത് പ്രസ്തുത സ്ഥലത്ത് നെൽകൃഷി ചെയ്തു വരുന്നതു കൊണ്ടുതന്നെ പ്രസ്തുത പ്രദേശം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. പരിവർത്തനാനുമതി നൽകുന്ന പക്ഷം പ്രസ്തുത പ്രദേശത്തെ കുടിവെള്ളത്തിന്റേയും ഭൂഗർഭ ജലത്തിന്റേയും ലഭ്യത കുറയുമെന്നും റിപ്പോർട്ടു ചെയ്യുകയുണ്ടായി. നിർദ്ദിഷ്ട പരിവർത്തനം മൂലം ഇരുപ്പുനിലങ്ങൾ കൃഷി ഇറക്കുന്നതിന് ചുറ്റുമുള്ള നെൽവയലുകളിലേയ്ക്ക് നീരൊഴുക്ക് തടസ്സപ്പെടാൻ സാധ്യതയുള്ളതിനാൽ സമിതി നെൽവയൽ നികത്തുന്നതിന് അനുകൂലിക്കുകയുണ്ടായില്ല. സ്കൂൾ കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത്

എത്തിച്ചേരാൻ നെൽവയലുകളിലൂടെ മാത്രമേ സാധ്യമാവൂ എന്നും നികത്തുന്നതുമൂലം നിർദ്ദിഷ്ട സ്ഥലത്തെ നെൽകൃഷിയെ സാരമായി ബാധിക്കുമെന്നും അതുമൂലം വൻ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഭാവിയിൽ ഉണ്ടാകാൻ ഇടയുണ്ട് എന്നുമുള്ള സമിതിയുടെ വിലയിരുത്തൽ സർക്കാരിലേയ്ക്ക് റിപ്പോർട്ടു ചെയ്യാൻ തീരുമാനിച്ചു''.

3. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട ആക്ടിന്റെ 10-ാം വകുപ്പിന്റെ (1)ാം ഉപവകുപ്പ പ്രകാരം, ടി ആക്ടിന്റെ 3-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ ടി ആക്ടിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതാണ്. എന്നാൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണസമിതി ശിപാർശ ചെയ്യുകയും, സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ, രൂപാന്തരപ്പെടുത്തലോ ചേർന്നു കിടക്കുന്ന നെൽവയലിലെ നെൽകൃഷിയെയോ ആ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയേയോ ദോഷകരമായി ബാധിക്കുകയില്ലായെന്നും സർക്കാരിന് ബോദ്ധ്യപ്പെടുകയും ചെയ്താലല്ലാതെ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു ഒഴിവാക്കലും സർക്കാർ അനുവദിക്കാൻ പാടുള്ളതല്ല.

4. പൊൻമുണ്ടം ഗവ.ഹയർസെക്കന്ററി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് നിലം പരിവർത്തനാനുമതി നൽകാത്ത വിഷയം ഒരു സാമൂഹ്യ പ്രശ്നമായി അവശേഷിക്കുന്നതിനാൽ പ്രസ്തുത സ്ഥലത്തെ നീരൊഴുക്ക് തടയാതേയും തണ്ണീർത്തടം സംരക്ഷിച്ചുകൊണ്ടും സ്കൂൾ വികസിപ്പിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സ്കൂൾ ഹെഡ് മാസ്റ്റർ സർക്കാരിലേയ്ക്ക് കത്ത് നൽകുകയുണ്ടായി ടി കത്ത് പ്രകാരം

'' മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലയിലെ താനൂർ ഉപജില്ലയിൽ പ്രവർത്തിക്കുന്ന പൊന്മുണ്ടം ഗവ. ഹയർ സെക്കന്ററി സ്കൂൾ പൊന്മുണ്ടം പഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ്. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിക്കുന്നത് വെറും 37 സെന്റ് സ്ഥലത്താണ്. സ്കൂളിന് കെട്ടിടം പണിയാൻ സ്വന്തമായി 1 ഏക്കർ സ്ഥലം ലഭിച്ചിട്ട് 5 വർഷം

കഴിഞ്ഞു. പ്രസ്തുത ഭൂമി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിലുൾപ്പെട്ടതായതു കൊണ്ട് കെട്ടിടം നിർമ്മാണത്തിന് ഭൂമി തരം മാറ്റം ആവശ്യമാകുന്നു. ഏകദേശം 135 വർഷത്തോളം പഴക്കമുള്ള പൊൻമുണ്ടം ഗവൺമെന്റ് ഹൈസ്കൂളിൽ പഠിക്കുന്ന 1600-ൽ പരം കുട്ടികളിൽ 80 ശതമാനത്തോളം പേരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളവരാണ്. സമീപ പ്രദേശങ്ങളിലൊന്നും സ്കൂൾ സൗകര്യം ലഭ്യമല്ലാത്തതിനാൽ ഈ വിദ്യാലയം തന്നെയാണ് അവർക്ക് ഏക ആശ്രയം. എന്നാൽ മികവുറ്റ രീതിയിൽ അധ്യയനം നടത്തുന്നതിനാവശ്യമായ യാതൊരുവിധ സൗകര്യവും ഇവിടെ ഇല്ല. 20-ൽ പരം ക്ലാസ് മുറികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കേവലം 37 സെന്റ് ഭൂമിയിലാണ് ഇത്രയും വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നത്. കുട്ടികൾക്കാവശ്യമായ ശൗചാലയങ്ങൾ നിർമ്മിക്കാൻപോലും സൗകര്യം ഇവിടെയില്ല. ഈ പ്രശ്നങ്ങൾ ക്കൊക്കെ ഒരു ശാശ്വത പരിഹാരമായിട്ടാണ് ഇപ്പോൾ ഈ വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് സമീപത്തായി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടു കൂടി 40.8 ആർസ് ഭൂമി സ്കൂളിന്റെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. ഈ സ്ഥലത്ത് പൊന്മുണ്ടം ഗവൺമെന്റ് എച്ച്.എസ്.എസിനു വേണ്ടി കെട്ടിടം നിർമ്മിക്കാൻ കഴിയാതെ പോയാൽ ഭാവിയിൽ നിരവധി ദരിദ്രരായ കുട്ടികളുടെ പഠനം മുടങ്ങാനുള്ള ദയനീയമായ സാഹചര്യമാണ് സംജാതമാകുക. മേൽ സൂചിപ്പിച്ച വസ്തുതകൾ കണക്കിലെടുത്ത് പ്രസ്തുത സ്ഥലം തരം മാറ്റി സ്കൂൾ കെട്ടിടം നിർമ്മിച്ച് ഉപയോഗിക്കാൻ ആവശ്യമായ അനുമതി നൽകണം."

5) സംസ്ഥാനതല സമിതി അപേക്ഷയിലെ ആവശ്യം ശുപാർശ ചെയ്യാത്തതിനാൽ 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ ഭേദഗതി നിയമത്തിലെ വകുപ്പ് 10(2)) പ്രകാരം സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനു ശേഷം അപ്രകാരമുള്ള പരിവർത്തനപ്പെടുത്താലോ ചേർന്നു കിടക്കുന്ന നെൽവയലിലെ നെൽകൃഷിയെയോ സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ള പക്ഷം സർക്കാരിന് ഒഴിവാക്കൽ അനുവദിക്കാവുന്നതാണ്.

6) നെൽവയൽ നികത്തുന്നതുമൂലം നിർദ്ദിഷ്ട സ്ഥലത്തെ നെൽകൃഷിയെ സാരമായി ബാധിക്കുമെന്നും അതുമൂലം വൻപാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഭാവിയിൽ ഉണ്ടാകാൻ ഇടയുണ്ട് എന്നുമുള്ള സമിതിയുടെ വിലയിരുത്തലും കണക്കിലെടുത്ത് സ്ഥലപരിശോധന നടത്തി പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഒഴിവാക്കിയും, ജലനിർഗ്ഗമന സംവിധാനങ്ങൾ ഉറപ്പാക്കിയും പരിവർത്തനം സാദ്ധ്യമാക്കത്തക്ക വിധം റിപ്പോർട്ട് നൽകുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ആയതു പ്രകാരം ജില്ലാ കളക്ടർ താഴെ പറയുംപ്രകാരം റിപ്പോർട്ടു ചെയ്യുകയുമുണ്ടായി.

"പൊൻമുണ്ടം പഞ്ചായത്ത് പരിധിയിലെ ഏക സർക്കാർ വിദ്യാലയമായ പൊൻമുണ്ടം സർക്കാർ ഹയർ സെക്കന്ററി സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിന് ഈ ഭൂമി അല്ലാതെ മറ്റ് സർക്കാർ/പുറമ്പോക്ക് ഭൂമി പൊൻമുണ്ടം പഞ്ചായത്ത് പരിധിയിൽ ലഭ്യമല്ലാത്തതാണ്. പൊൻമുണ്ടം പഞ്ചായത്ത്തല പ്രാദേശികതല നിരീക്ഷണസമിതി ബന്ധപ്പെട്ട കൃഷി ഓഫീസറുടെ വിയോജന കുറിപ്പോടെ സംസ്ഥാനതല സമിതിക്ക് മേൽ ഭൂമി തരം മാറ്റത്തിനായി ശുപാർശ നൽകിയത്. നിലവിൽ ടി ഭൂമി പരിശോധിച്ചതിൽ ഡാറ്റാ ബാങ്കിലുൾപ്പെട്ട ഇരിപ്പ നിലങ്ങളാണ്. ടി ഭൂമി പരിവർത്തനത്തിലൂടെ സമീപ പ്രദേശങ്ങളുടെ ആവാസ വ്യവസ്ഥ തൽസ്ഥിതിയിൽ നിലനിർത്തുന്നതിന് ബുദ്ധിമുട്ടുള്ളതും പ്രദേശത്തെ മറ്റ് നെൽവയലുകളും തരംമാറ്റുന്നതിനുള്ള പ്രവണതയ്ക്കും സാധ്യതയുണ്ട്. ഭാവിയിൽ ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നെൽകൃഷി സംരക്ഷിക്കുന്നതിനും സർക്കാർ തലത്തിൽ വിദഗ്ധസമിതിയെ ചുമതലപ്പെടുത്തി പദ്ധതി രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. വെള്ളക്കെട്ടിനുള്ള സാധ്യത എന്ന പ്രശ്നം പരിഹരിക്കുന്നതിനായി മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമഗ്രമായ ഒരു പ്ലാൻ ജല നിർഗ്ഗമനത്തിനും സംഭരണത്തിനുമായി തയ്യാറാക്കി നൽകിയിട്ടുണ്ട്. ചെറിയ പ്രായമുള്ള കുട്ടികൾ പഠിക്കുന്ന വിദ്യാലയമായതിനാൽ കുട്ടികളുടെ സുരക്ഷയും ഉറപ്പാക്കേണ്ടതുണ്ട്.''

7) ജില്ലാ കളക്ടർ സമർപ്പിച്ച മേൽ റിപ്പോർട്ട് സഹിതം ഫയൽ ബഹു. കൃഷിമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ബഹു. മന്ത്രി താഴെ വിവരിക്കും പ്രകാരം അഭിപ്രായത്തോടെ ബഹു. മുഖ്യമന്ത്രിയ്ക്ക് ഫയൽ സമർപ്പിക്കുകയുണ്ടായി.

135 വർഷത്തോളം പഴക്കമുള്ള പൊൻമുണ്ടം ഗവൺമെന്റ് ഹൈ സ്കൂളിൽ പഠിക്കുന്ന 1600-ൽ പരം കുട്ടികളിൽ ഭൂരിപക്ഷം പേരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ളവരായതിനാലും സമീപ പ്രദേശങ്ങളിലൊന്നും സ്കൂൾ സൗകര്യം ലഭ്യമല്ലാത്തതിനാൽ മികവുറ്റ രീതിയിൽ അദ്ധ്യയനം നടത്തുന്നതിനാവശ്യമായ സൗകര്യവും 37 സെന്റ് ഭൂമിയിൽ പ്രവർത്തിക്കുന്ന സ്കൂളിന് ഇല്ലാത്തതിനാൽ കെട്ടിടം നിർമ്മിക്കാൻ കഴിയാതെ പോയാൽ ഭാവിയിൽ നിരവധി ദരിദ്രരായ കുട്ടികളുടെ പഠനം മുടങ്ങാനുള്ള ദയനീയമായ സാഹചര്യം സംജാതമാകും എന്നതും പരിഗണിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ടിലെ നിബന്ധനകൾ നിർബന്ധമായും പാലിക്കണമെന്ന കർശന വ്യവസ്ഥയോടെ മന്ത്രിസഭയുടെ തീരുമാനത്തിന് വിധേയമായി പരിവർത്തനാനുമതി നൽകാവുന്നതാണ്.

8) ടി വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ പൊന്മുണ്ടം വില്ലേജിൽ പൊൻമുണ്ടം ഗവ. ഹയർസെക്കന്ററി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് റീസർവ്വേ നം. 307/16, 12, 15, 322/5, 3,2,1,-ൽ ഉൾപ്പെട്ട 40.8 ആർസ് നിലം പരിവർത്തനപ്പെടുത്താൻ സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് മറികടന്ന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനാനുമതി നൽകാമോ ?

എ) പാടശേഖരത്തിലെ കാർഷിക പ്രവർത്തനങ്ങൾക്കും, കൃഷിയ്ക്കും നാശം സംഭവിക്കാതിരിക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്.

ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുമ്പോൾ നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനു വേണ്ടി പൊൻമുണ്ടം ഗ്രാമ പഞ്ചായത്ത് പാലിക്കേണ്ടതാണ്.

സി) ഭാവിയിൽ ഉണ്ടായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നെൽകൃഷി സംരക്ഷിക്കുന്നതിനും വിദഗ്ധസമിതിയെ ചുമതലപ്പെടുത്തി ഒരു പദ്ധതി പൊൻമുണ്ടം ഗ്രാമപഞ്ചായത്ത് രൂപകൽപ്പന ചെയ്യേണ്ടതാണ്.

ഡി) വെള്ളക്കെട്ടിനുള്ള സാധ്യത എന്ന പ്രശ്നം പരിഹരിക്കുന്നതിനായി മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമഗ്രമായ ഒരു പ്ലാൻ ജല നിർഗ്ഗമനത്തിനും സംഭരണത്തിനുമായി തയ്യാറാക്കേണ്ടതാണ്.

ഇ) മേൽ സൂചിപ്പിച്ച നിബന്ധനകൾ പൊൻമുണ്ടം പഞ്ചായത്ത് പാലിക്കുന്നുണ്ടോ എന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.